കുറ്റിക്കാട് കുടിവെള്ളപദ്ധതി

157 (2366) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര കുറ്റിക്കാട് കുടിവെള്ളപദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) കുറ്റിക്കാട് കുടിവെള്ള പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നിലവിലില്ല. എന്നാൽ ഭരണിക്കാവിനും സമീപ വില്ലേജുകളിലേയ്ക്കുമുള്ള സംയോജിത ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ തെക്കേക്കര, പെരിങ്ങാല വില്ലേജുകൾക്കായി കുടിവെള്ളം ലഭ്യമാക്കുന്നതിനായി കുറ്റിക്കാട് പൊതുമാർക്കറ്റിൽ 8.85 ലക്ഷം ലിറ്ററിന്റെ ഒരു ഉന്നതതല ജല സംഭരണിയുടെ പണി വെർട്ടിക്കൽ കണക്ഷൻ ഒഴികെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടിയുള്ള കിണർ, പമ്പ് ഹൗസ്, 15 ദശലക്ഷം ശേഷിയുള്ള ശുദ്ധീകരണശാല എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രായിക്കര പാലത്തിൽ കൂടി പൈപ്പിടുന്നതിനുള്ള അനുമതി കെ.എസ്.റ്റി.പി.-യിൽ നിന്നും ലഭിച്ചിട്ടില്ല. കല്ലുമല പാലത്തിൽകൂടി പൈപ്പ് ഇടുന്നതിന് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടില്ല. കല്ലുമല ലെവൽ ക്രോസ് നമ്പർ 27-ൽ റെയിൽ ക്രോസിംഗിനായി റെയിൽവേയ്ക്ക് തുക അടച്ചതനുസരിച്ച് അനുമതിലഭിച്ചു. എന്നാൽ അനുമതി നൽകിയശേഷം വീണ്ടും റെയിൽ വികസനത്തിന്റെ ഭാഗമായി റെയിൽ സബ്-വേ വരുന്നതിനാൽ 10-10-2014-ലെ കത്ത് മുഖാന്തിരം ടി അനുമതി റെയിൽവേ മരവിപ്പിച്ചു നിർത്തിയിരിക്കുകയാണ്. നിർദ്ദിഷ്ട സബ്-വേ പദ്ധതി പൂർത്തീകരിക്കുവാൻ ഉദ്ദേശം രണ്ട് വർഷമെങ്കിലും വേണ്ടിവരുമെന്നും സബ്-വേ നിർമ്മാണം കഴിഞ്ഞുമാത്രമേ പൈപ്പ് ലൈൻ ക്രോസിംഗിനുള്ള അനുമതി പരിഗണിക്കുകയുള്ളുവെന്നും റെയിൽവേ അധികൃതർ അറിയിച്ചിരിക്കുന്നു. പൈപ്പ് ലൈൻ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെ റെയിൽവേ ട്രാക്ക് ക്രോസ് ചെയ്യണമെങ്കിൽ ട്രാക്കിന്റെ ഇരുവശങ്ങളിലും സ്വകാര്യസ്ഥലം വിലയ്ക്ക് എടുക്കേണ്ടിവരും. നിലവിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് സ്ഥലമെടുക്കാൻ നിർവ്വാഹമില്ല. കൂടാതെ ഈ പദ്ധതിക്കായി വർഷങ്ങൾക്ക് മുമ്പേ സ്ഥാപിച്ചിട്ടുള്ള പൈപ്പുകളുടെ ഗ്യാപ്പുകൾ ജലശുദ്ധീകരണശാലയിൽ മുമ്പ് സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളുടെ പ്രവർത്തനക്ഷമമാക്കൽ, ജലശുദ്ധീകരണശാലയിൽ സബ്സ്റ്റേഷൻ പ്രവൃത്തികൾ തുടങ്ങിയവ ചെയ്യാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രായിക്കര പാലത്തിൽ കൂടി പൈപ്പ് സ്ഥാപിക്കുന്നതിന് കെ. എസ്. റ്റി. പി. യുമായി ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി പ്രായോഗികത മനസ്സിലാക്കി നടപടി സ്വീകരിക്കാമെന്ന് കെ.എസ്.റ്റി.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കല്ലമല ലെവൽ ക്രോസ് നമ്പർ 27-ൽ റെയിൽ ക്രോസ് ചെയ്ത് പൈപ്പ് സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. ഇടപെട്ട് പ്രശ്നപരിഹാരം കാണാമെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്ലാന്റിൽ സ്ഥാപിക്കേണ്ട സബ്സ്റ്റേഷൻ, ചുറ്റുമതിൽ, ഫിൽറ്റർ ബഡ് നവീകരണം, മോട്ടോർ നവീകരണം, പൈപ്പുകൾ ഗ്യാപ്പ് ഫില്ലിംഗ് തുടങ്ങിയവയ്ക്കായി കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

തിരുവനന്തപുരം ആറ്റിപ്ര ശ്രീമതി നാഗമ്മയ്ക്ക് കുടിവെള്ള കണക്ഷൻ

158 (2367) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി അധികൃതരുടെ കടുത്ത അനാസ്ഥ കാരണം, തിരുവനന്തപുരം, ആറ്റിപ്ര വാർഡ്, കിഴക്കുംകര വാറുകാട് വിളയിൽ വീട്ടിൽ, 73 കാരിയായ നാഗമ്മയ്ക്ക് 3 വർഷക്കാലമായി മീറ്ററും മറ്റും സ്ഥാപിച്ചിട്ട് കുടിവെള്ളം നൽകാതെ എല്ലാ മാസവും വാട്ടർ ബില്ല് നൽകിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ കർശന നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ; വിശദമാക്കുമോ ;

(ബി) 2009-10 സാമ്പത്തിക വർഷം, നഗരസഭയുടെ 'ദുർബല ജനവിഭാഗങ്ങൾക്ക് നൽകുന്ന സൗജന്യ വാട്ടർ കണക്ഷൻ' പദ്ധതിയിൽപ്പെടുത്തിയാണ് (പ്രോജക്ട് നമ്പർ 560/10c) നാഗമ്മയ്ക്ക് വാട്ടർ കണക്ഷൻ നൽകിയതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) 73 വയസ്സായ അനാഥയായ വീട്ടമ്മയ്ക്ക് കുടിവെള്ള കണക്ഷൻ അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വാട്ടർ കണക്ഷൻ പ്രാബല്യത്തിൽ വരുന്നതിനുമുൻപ് എന്നാൽ ആദ്യ കണക്ഷൻ ഉത്തരവായതുമുതൽ അബാക്കസ് സോഫ്റ്റ് വെയറിലെ നടപടികൾ പ്രകാരം കമ്പ്യൂട്ടർ ജനറേറ്റഡ് ബില്ലുകൾ തയ്യാറാക്കുകയുണ്ടായി. പ്രസ്തുത അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly